LIBRARY ARCHIVES Kerala Legislative Assembly

(സി) സാങ്കേതികപ്പിഴവ് കാരണം അർഹരായവർക്ക് ധനസഹായം ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് അടിയന്തരമായി ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സാങ്കേതികപ്പിഴവ് സംഭവിച്ചിട്ടുള്ള കേസുകളിൽ ആയത് പരിഹരിച്ച് ധനസഹായം അനുവദിക്കാൻ കഴിയുന്നതാണ്.

ഫ്ലഡ് പദ്ധതി

226 (975) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് ഫ്ളഡ് പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡല പരിധിയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും ഇവയിൽ പൂർത്തിയായവ ഏതൊക്കെയെന്നും ഇനിയും പൂർത്തിയാകാനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയും വർഷം തിരിച്ച് വിശദമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

പ്രകൃതി ദുരന്തങ്ങളിലെ നാശനഷ്ടം

227 (976) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് 2-ന് ശേഷമുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം തുടങ്ങിയവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്നു വ്യക്തമാക്കുമോ?

(എ&ബി) മേയ് രണ്ടിനുശേഷം കേരളത്തെ ബാധിച്ച പ്രകൃതി ദുരന്തം ആയ ടൗട്ടെ ചുഴലിക്കാറ്റ് വ്യാപകമായ നാശനഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്.11 പേർ മരണപ്പെടുകയും 22 പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. 24433 ഹെക്ടർ പ്രദേശത്ത് കൃഷി നാശം സംഭവിച്ചു. 4392 വളർത്തു മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചു. 29 മൽസ്യബന്ധന ബോട്ടുകൾ പൂർണ്ണമായും 96 ബോട്ടുകൾ